**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *230.** **15.07.2016 ന് മറുപടിയ്ക്ക്**

**ലഹരിക്കായി ദുരുപയോഗം ചെയ്യുന്ന മരുന്നുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.സി. ദിവാകരൻ**<br>**,, ഇ.കെ.വിജയൻ**<br>**,, കെ. രാജൻ :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | മരുന്നുകൾ വ്യാപകമായി ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം മരുന്നുകളാണ് ഇപ്രകാരം ദുരുപയോഗം നടത്തുന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | മരുന്നുകൾ വ്യാപകമായി ലഹരിക്കായി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബ്യൂപ്രിനോർഫിൻ ഫിനാർഗൻ, പെത്തഡിൻ, മോർഫിൻ, നൈട്രോസെപാം, ലോറസെപാം, ഡൈക്ലോഫിനാക്, ഫെനാമിൻ, പ്രോമിത്തേസിൻ, പെന്റാസോസൈൻ, മോർഫെറിഡിൻ, ഡൈസഫാം തുടങ്ങിയ മരുന്നുകളാണ് പ്രധാനമായും ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | ഇത്തരം മരുന്നുകളുടെ നിയമവിരുദ്ധ വിൽപ്പന തടയാൻ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | മരുന്നുകൾ ലഹരിക്കായി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുവേണ്ടി നിയമവിരുദ്ധമായി വിൽപ്പന നടത്തുന്നത് തടയുവാൻ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് നടത്തി വരുന്നുണ്ട്. ഇതോടൊപ്പം മെഡിക്കൽ സ്റ്റോറുകളിലും പരിസരങ്ങളിലും പരിശോധനകളും രഹസ്യ നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. ഡോക്ടർമാരുടെ കുറിപ്പടി കൂടാതെ ആർക്കും ഇത്തരം മരുന്നുകൾ നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പ്, ഡ്രഗ്സ് കൺട്രോൾ വകുപ്പുമായി ചേർന്ന് ഡ്രഗ്സ് |

| | | | |
|---|---|---|---|
| | | | ആന്റ് കോസ്മെറ്റിക് ആക്റ്റ് പ്രകാരം നിയോഗിക്കപ്പെട്ടിട്ടുള്ള ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ അധികാര പരിധിയിൽ വരുന്ന മെഡിക്കൽ ഷോപ്പുകൾ നിരന്തരമായി പരിശോധന നടത്തി മരുന്നുകളുടെ ദുരുപയോഗമോ അമിത വിൽപ്പനയോ നടത്തുന്നില്ലായെന്ന് ഉറപ്പ വരുത്തുന്നുണ്ട്. |
| (സി) | ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ലഹരിക്ക് അടിമപ്പെട്ടവർക്ക് ചികിത്സ നൽകി ലഹരിയുടെ അടിമത്ത്വത്തിൽ നിന്നും മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ഈ രംഗത്ത് ഗണ്യമായ സംഭാവന നൽകിവരുന്നതും സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളെ സംസ്ഥാന വ്യാപകമായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തിരഞ്ഞെടുത്ത 11 ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി നീക്കി വച്ചിരിക്കുന്ന 3.5 കോടി രൂപയിൽ നിന്നും 1,00,35,840/- രൂപ ലഹരി വിമുക്ത ചികിത്സക്കായി നൽകിയിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ട നിരവധി പേരെ പ്രസ്തുത ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ വഴി ചികിത്സിച്ച് ഭേദമാക്കിയിട്ടുള്ളതാണ്. ലഹരി വിമുക്ത ചികിത്സ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി എല്ലാ ജില്ലാ ആശുപത്രികളോടനുബന്ധിച്ചും ലഹരി വിമോചന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**